ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 12.30 PM** **DATE : 04.05.2026**

## പ്രധാനവാർത്ത

1. **കേരളത്തിൽ ഭരണമാറ്റത്തിന്റെ വ്യക്തമായ സൂചനകൾ. നിയമസഭ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വരുമ്പോൾ 90 ലധികം സീറ്റുകളിൽ മുന്നേറ്റവുമായി UDF.40 ഇടങ്ങളിൽ LDF നും നേമത്ത് NDA ക്കും ലീഡ്.**
2. **ജനവിധിയിൽ കാലിടറി മന്ത്രിമാർ. ശക്തികേന്ദ്രങ്ങളിൽ പിന്നിലായി എൽ ഡി എഫ്.**
3. **പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസിന്റെ നാലാം ഊഴം എന്ന പ്രതീക്ഷ കെടുത്തി ബി.ജെ പി അധികാരത്തിലേക്ക്. തമിഴ്നാട്ടിൽ നടൻ വിജയിയുടെ ടി വി കെയ്ക്ക് വ്യക്തമായ മുന്നേറ്റം.**
4. **അസമിലും പുതുച്ചേരിയിലും ഭരണത്തുടർച്ച ഉറപ്പാക്കി എൻ ഡി എ.**
5. **സംസ്ഥാനത്ത് വിവിധയിടങ്ങളിൽ അടുത്ത 5 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ലക്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം.**

❋✠❋✠❋✠❋✠❋✠❋✠❋✠❋

**തിരഞ്ഞെടുപ്പ് - കേരളം**

കേരളത്തിൽ ഭരണമാറ്റത്തിന്റെ വ്യക്തമായ സൂചനകൾ. നിയമസഭ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വരുമ്പോൾ വ്യക്തമായ മുന്നേറ്റവുമായി UDF. സംസ്ഥാനത്ത് പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം UDF വീണ്ടും അധികാരത്തിലേക്ക് എന്നതിന്റെ ഫലസൂചനകളാണ് പുറത്ത് വരുന്നത്. വോട്ടെണ്ണൽ

RNU TVPM

നാല് മണിക്കൂർ പിന്നിടുമ്പോൾ ആകെയുള്ള 140 മണ്ഡലങ്ങളിൽ UDF 90ലധികം സീറ്റിൽ ലീഡ് ചെയ്യുന്നു. കഴിഞ്ഞ തവണ 99 സീറ്റുമായി രണ്ടാം തവണയും അധികാരത്തിലെത്തിയ LDF, നിലവിൽ 40 സീറ്റുകളിൽ മുന്നിലാണ്. നിയമസഭയിൽ ഇത്തവണ അക്കൗണ്ട് തുറക്കുമെന്ന ഉറപ്പുമായി എത്തിയ NDA നേമം, പാലക്കാട് മണ്ഡലങ്ങളിൽ ലീഡ് ചെയ്യുന്നു. എക്സിറ്റ് പോൾ ഫലങ്ങളെ ശരിവെക്കുന്ന തരത്തിലുള്ള ഫല സൂചനകളാണ് ഇപ്പോൾ പുറത്ത് വരുന്നത്.

❁✠❁✠❁✠❁✠❁✠❁✠❁✠❁

## തിരഞ്ഞെടുപ്പ് പ്രമുഖർ

ഹാട്രിക്ക് വിജയമെന്ന പ്രതീക്ഷയിൽ തിരഞ്ഞെടുപ്പിനെ നേരിട്ട എൽ ഡി എഫിൽ പ്രമുഖരിൽ പലർക്കും അപ്രതീക്ഷിത തിരിച്ചടി. കണ്ണൂർ ജില്ലയിൽ സ്വന്തം മണ്ഡലമായ ധർമ്മടത്ത് മുഖ്യമന്ത്രി പിണറായി വിജയൻ പിന്നിലായിരുന്നുവെങ്കിലും ഇപ്പോൾ 1,500 ഓളം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. മന്ത്രിമാരിൽ കൊട്ടാരക്കരയിൽ കെ.എൻ.ബാലഗോപാലും ബേപ്പൂരിൽ മുഹമ്മദ് റിയാസും നെടുമങ്ങാട് ജി.ആർ അനിലും ചെങ്ങന്നൂരിൽ സജി ചെറിയാനും ചേർത്തലയിൽ പി. പ്രസാദും ഒല്ലൂരിൽ കെ.രാജനുമാണ് ലീഡ് ചെയ്യുന്നത്. ഇതുവരെയുള്ള തിരഞ്ഞെടുപ്പ് ഫലം നോക്കുമ്പോൾ തൃത്താലയിൽ എം.ബി രാജേഷും, പത്തനാപുരത്ത് ഗണേഷ് കുമാറും, കളമശ്ശേരിൽ പി രാജീവും ചടയമംഗലത്ത് ചിഞ്ചുറാണിയും ഇരിഞ്ഞാലകുടയിൽ ആർ ബിന്ദുവും ഇടുക്കിയിൽ റോഷി അഗസ്റ്റിനും ആറന്മുളയിൽ വീണ ജോർജും നേമത്ത് വി.ശിവൻകുട്ടിയും മാനന്തവാടിയിൽ ഒ.ആർ കേളുവും എലത്തൂരിൽ എ.കെ. ശശീന്ദ്രനും പിന്നിലാണ്. എറണാകുളം പറവൂരിൽ പ്രതിപക്ഷനേതാവും യുഡിഎഫ് സ്ഥാനാർഥിയുമായ വി ഡി സതീശനും ഹരിപ്പാട് മണ്ഡലത്തിൽ രമേശ് ചെന്നിത്തലയും ലീഡ് ചെയ്യുകയാണ്. എൻ ഡി എ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖർ നേമത്തും പാലക്കാട് ശോഭാ സുരേന്ദ്രനും മുന്നിലാണ്. പേരാവൂരിൽ ഇടത് സ്ഥാനാർഥി കെ കെ ശൈലജയും കെ പി സിസി പ്രസിഡന്റും യുഡിഎഫ് സ്ഥാനാർഥി യുമായ സണ്ണിജോസഫും ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ്. ബി ജെ പിയുടെ കെ സുരേന്ദ്രൻ മഞ്ചേശ്വരത്ത് പിന്നിലാണ്.

RNU TVPM

❋✠❋✠❋✠❋✠❋✠❋✠❋✠❋

**കൊല്ലം - തിരഞ്ഞെടുപ്പ്**

കൊല്ലം ജില്ലയിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ചടയമംഗലത്ത് മന്ത്രി ജെ ചിഞ്ചു റാണി പിന്നിൽ. കൊട്ടാരക്കരയിൽ മന്ത്രി കെ എൻ ബാലഗോപാൽ മുന്നിൽ. യുഡിഎഫിന്റെ പി.ആയിഷാ പോറ്റിയേക്കാൾ 89 ഓളം വോട്ടുകൾക്കാണ് കെ എൻ ബാലഗോപാൽ ലീഡ് ചെയ്യുന്നത്. ചവറയിൽ യു ഡി എഫിന്റെ ഷിബു ബേബി ജോൺ മുന്നിൽ. കൊല്ലത്ത് യുഡിഎഫിന്റെ ബിന്ദു കൃഷ്ണ മുന്നിൽ. കുണ്ടറയിൽ യുഡിഎഫിന്റെ പിസി വിഷ്ണുനാഥ് മുന്നിൽ. ചടയമംഗലം, കരുനാഗപ്പള്ളി, കൊല്ലം, എന്നിവിടങ്ങളിൽ

യു ഡി എഫും ഇരവിപുരത്ത് ആർ എസ് പിയുമാണ് മുന്നേറുന്നത്. പത്തനാപുരത്ത് കെ ബി ഗണേഷ് കുമാർ രണ്ടാമതാണ്. 11 സീറ്റു കളാണ് ജില്ലയിലുള്ളത്.

RNUTVPM

❋✠❋✠❋✠❋✠❋✠❋✠❋✠❋

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ജില്ലയിൽ യുഡിഫ് 5 സീറ്റിലും, LDF 6 സീറ്റിലും, മുന്നിട്ടു നിൽക്കുന്നു. ഇരിക്കൂർ, കണ്ണൂർ, ധർമ്മടം, പേരാവൂർ, തളിപ്പറമ്പ് മണ്ഡലങ്ങളിൽ UDF ലീഡ് ചെയ്യുന്നു. പയ്യന്നൂർ, കല്ലിശ്ശേരി, അഴിക്കോട്, തലശ്ശേരി, മട്ടന്നൂർ, കൂത്തുപറമ്പ് മണ്ഡലങ്ങളിൽ LDF ലീഡ് ചെയ്യുന്നു.

**കൂടുതൽ വിവരങ്ങളുമായി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ചേരുന്നു ....**

**തെരഞ്ഞെടുപ്പ് ചിത്രം ഏറെക്കുറെ വ്യക്തമായിക്കഴിഞ്ഞോ? എന്താണ് കണ്ണൂർ നിന്നുള്ള വിവരങ്ങൾ?**

**(ഹോൾഡ്.... )**

❋✠❋✠❋✠❋✠❋✠❋✠❋✠❋

**ആലപ്പുഴ – തിരഞ്ഞെടുപ്പ്**

അമ്പലപ്പുഴയിൽ സ്വതന്ത്രനായി മത്സരിക്കുന്ന മുൻ മന്ത്രി ജി.സുധാകരൻ ലീഡ് ചെയ്യുന്നു. ഹരിപ്പാട് രമേശ് ചെന്നിത്തല

മുന്നിലാണ്. അരൂരിൽ യു.ഡി.എഫിന്റെ ഷാനിമോൾ ഉസ്മാൻ ലീഡ് ചെയ്യുന്നു. മാവേലിക്കരയിൽ എൽ.ഡി.എഫിന്റെ എം.എസ്.അരുൺകുമാർ മുന്നിലാണ്. ചേർത്തലയിൽ പി പ്രസാദ് മുന്നേറുകയാണ്.

❁✠❁✠❁✠❁✠❁✠❁✠❁✠❁

**പത്തനംതിട്ട – തിരഞ്ഞെടുപ്പ്**

അഞ്ചു മണ്ഡലങ്ങളുള്ള പത്തനംതിട്ടയിൽ നാലിടത്തും യു.ഡി.എഫിനാണ് ലീഡ്. മന്ത്രി വീണാ ജോർജ് ഉൾപ്പെടെ പിന്നിലാണ്. കോന്നി മണ്ഡലത്തിൽ കെയു ജനീഷ്കുമാർ മാത്രമാണ് എൽഡിഎഫിന്റെ മുന്നിൽ നിൽക്കുന്ന എൽഡിഎഫിന്റെ സ്ഥാനാർത്ഥി.

❁✠❁✠❁✠❁✠❁✠❁✠❁✠❁

**കോട്ടയം**

മുൻ മന്ത്രിയും UDF സ്ഥാനാർത്ഥിയുമായ തിരുവഞ്ചൂർ രാധാകൃഷ്ണൻ കോട്ടയം മണ്ഡലത്തിൽ മുന്നിലാണ്. പുതുപ്പള്ളിയിൽ UDF സ്ഥാനാർഥി ചാണ്ടി ഉമ്മൻ മുന്നിലാണ്. പാലാ നിയമസഭാമണ്ഡലത്തിൽ UDF ന്റെ മാണി സി കാപ്പൻ മുന്നിട്ടു നിൽക്കുന്നു. കടുത്തുരുത്തിയിൽ UDF ന്റെ മോൻസ് ജോസഫും വൈക്കം മണ്ഡലത്തിൽ LDF ന്റെ പി പ്രദീപും മുന്നിട്ടു നിൽക്കുന്നു. ഏറ്റുമാനൂർ മണ്ഡലത്തിൽ UDF സ്ഥാനാർഥി നാട്ടകം സുരേഷ് മുന്നിലാണ്. ചങ്ങനാശ്ശേരിയിൽ LDF ന്റെ ജോബ് മൈക്കിൾ മുന്നിട്ടു നിൽക്കുന്നു. കാഞ്ഞിരപ്പള്ളിയിൽ UDF ന്റെ റോണി കെ.ബേബി മുന്നിലാണ്. പൂഞ്ഞാറിൽ LDF സെബാസ്റ്റ്യൻ കുളത്തുങ്കൽ മുന്നിലാണ്.

RNU TVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁

**എറണാകുളം**

എറണാകുളത്ത് യു.ഡി.എഫിന് മുന്നേറ്റം. പറവൂരിൽ കോൺഗ്രസിന്റെ വി.ഡി.സതീശൻ ലീഡ് ചെയ്യുന്നു. ഒരുഘട്ടത്തിൽ പിന്നിലായിരുന്നെങ്കിലും പിന്നീട് ലീഡ് നില ഉയർത്തുകയായിരുന്നു. വൈപ്പിൻ മണ്ഡലത്തിൽ മാത്ര മാണ് എൽ.ഡി.എഫ് ലീഡ് ചെയ്യുന്നത്. ഉമാ തോമസ് തൃക്കാക്കരയിലും അൻവർ സാദത്ത് ആലുവയിലും മുന്നേറുന്നു.

❁✠❁✠❁✠❁✠❁✠❁✠❁✠❁

**തിരുവനന്തപുരം - വോട്ടെണ്ണൽ (ഇൻട്രോ)**

തിരുവനന്തപുരം ജില്ലയിൽ യുഡിഎഫ് 4 സീറ്റിലും, LDF 5 സീറ്റിലും, NDA 2 സീറ്റിലും മുന്നിട്ടു നിൽക്കുന്നു. വാമനാപുരം, വട്ടിയൂർക്കാവ്, കാട്ടാകട കോവളം മണ്ഡലങ്ങളിൽ UDF ലീഡ് ചെയ്യുന്നു. വർക്കല, കഴക്കൂട്ടം, അരുവിക്കര, പാറശ്ശാല, നെയ്യാറ്റിൻകര മണ്ഡലങ്ങളിൽ LDF ലീഡ് ചെയ്യുന്നു. നേമത്തു NDA സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറാണ് മുന്നിൽ..

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്....**

**തിരുവനന്തപുരത്തു ശക്തമായ പോരാട്ടമാണ് നടക്കുന്നത്. എന്തെല്ലാമാണ് പുതിയ വിവരങ്ങൾ....**

❁✠❁✠❁✠❁✠❁✠❁✠❁✠❁

**തൃശ്ശൂർ - തിരഞ്ഞെടുപ്പ്**

PNU TVPM

തൃശൂരിൽ 13 മണ്ഡലങ്ങളിൽ 9 ഇടത്ത് എൽ.ഡി.എഫും നാലിടത്ത് യു.ഡി.എഫും ലീഡ് ചെയ്യുന്നു. ഇരിഞ്ഞാലക്കുടയിൽ മന്ത്രി ആർ.ബിന്ദുവിനെ പിന്നിലാക്കി യു.ഡി.എഫിന്റെ തോമസ് ഉണ്ണിയാടൻ മുന്നേറുകയാണ്. മണലൂരിൽ മുൻ മന്ത്രിയും എൽ.ഡി.എഫ് സ്ഥാനാർത്ഥിയുമായ സി.രവീന്ദ്രനാഥ് മുന്നിലാണ്. ഒല്ലൂരിൽ മന്ത്രി കെ.രാജൻ ലീഡ് ചെയ്യുന്നു.

❁✠❁✠❁✠❁✠❁✠❁✠❁✠❁

**ഇടുക്കി - തിരഞ്ഞെടുപ്പ്**

ഇടുക്കിയിൽ യുഡിഎഫ് തരംഗം. അഞ്ചിൽ 4 മണ്ഡലങ്ങളിലും യുഡിഎഫ് ലീഡ് ചെയ്യുന്നു. ദേവികുളത്ത് എൽ ഡി എഫിന്റെ എ.രാജ മുന്നിലാണ്. കഴിഞ്ഞ തവണ എം എം മണിയിലൂടെ ഒരു സീറ്റ് എൽഡിഎഫ് നേടി യിരുന്നു. തൊടുപുഴയിൽ മുൻ മന്ത്രി പി.ജെ ജോസഫിന്റെ മകൻ അപു ജോൺ ജോസഫ് മുന്നിലാണ്.

❁✠❁✠❁✠❁✠❁✠❁✠❁✠❁

**വയനാട് - തിരഞ്ഞെടുപ്പ്**

മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിനു ശേഷം നടക്കുന്ന ആദ്യ നിയമസഭാ തിരഞ്ഞെടുപ്പാണിത്. പുനരധിവാസ വിഷയങ്ങൾ ഉൾപ്പെടെ ചർച്ചയായ തിരഞ്ഞെടുപ്പിൽ യുഡിഎഫ് രണ്ട് സീറ്റിലും എൽഡിഎഫ് ഒരു സീറ്റിലും ലീഡ് ചെയ്യുന്നു. സുൽത്താൻ ബത്തേരി, കൽപ്പറ്റ മണ്ഡലങ്ങളിൽ യഥാക്രമം യുഡിഎഫിന്റെ ഐസി ബാലകൃഷ്ണനും ടി സിദ്ധിഖും ലീഡ് ചെയ്യുമ്പോൾ മാനന്തവാടിയിൽ എൽഡിഎഫിന്റെ ഒ ആർ കേളുവാണ് മുന്നിൽ.

❁✠❁✠❁✠❁✠❁✠❁✠❁✠❁

**കോഴിക്കോട് - തിരഞ്ഞെടുപ്പ്**

കോഴിക്കോട് ജില്ലയിൽ 13 മണ്ഡലങ്ങളിലാണ് വോട്ടെണ്ണൽ നടന്നത്. ബേപ്പൂരിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ലീഡ് ചെയ്യുന്നു. കോഴിക്കോട് നോർത്തിൽ തോട്ടത്തിൽ രവീന്ദ്രൻ, നാദാപുരത്ത് കെ എം അഭിജിത്ത്, എലത്തൂരിൽ യുഡിഎഫിന്റെ വിദ്യാ ബാലകൃഷ്ണൻ, കൊടുവള്ളിയിൽ പി കെ ഫിറോസ്, കുന്നമംഗലത്ത് എം എ റസാഖ്, കുറ്റ്യാടിയിൽ പാറക്കൽ അബ്ദുല്ല, പേരാമ്പ്രയിൽ ഫാത്തിമ തഹലീയ, കൊയിലാണ്ടിയിൽ കെ.പ്രവീൺകുമാർ, തിരുവമ്പാടിയിൽ സി.കെ.കാസിം, വടകരയിൽ കെ.കെ.രമ എന്നിവർ ലീഡ് ചെയ്യുന്നു. കോഴിക്കോട് സൗത്ത് മണ്ഡല ത്തിൽ ഇപ്പോൾ മുസ്ലീം ലീഗിന്റെ ഫൈസൽ ബാബുവാണ് ലീഡ് ചെയ്യുന്നത്.

RNUTVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁

**പാലക്കാട് (ഇൻട്രോ)**

സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് 12 നിയമസഭാ മണ്ഡലങ്ങൾ ആണ് ഉള്ളത്.

**ജില്ലയിൽ ഏറ്റവും പുതിയ വിവരങ്ങളുമായി ആകാശവാണി ജില്ല പ്രതിനിധി ഫൈസൽ അലിമുത്ത് ചേരുന്നു...**

**2021 ൽ പാലക്കാട്, മണ്ണാർക്കാട് മണ്ഡലങ്ങളിൽ ഒഴികെ 10 ഇടത്തും എൽഡിഎഫ് ആണല്ലോ വിജയിച്ചത് .... എന്നാൽ ഇപ്പോഴത്തെ ട്രെൻഡ് എന്താണ്?**

**(വോയിസ് - ലൈവ്)**

❋✠❋✠❋✠❋✠❋✠❋✠❋✠❋

## മലപ്പുറം - തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വോട്ടർമാരും മണ്ഡലങ്ങളും ഉള്ളത് മലപ്പുറത്ത് ആണ്. 16 മണ്ഡലങ്ങളിൽ എല്ലായിടത്തും നിലവിൽ യു.ഡി.എഫാണ് ലീഡ് ചെയ്യുന്നത്. മലപ്പുറം മണ്ഡലത്തിൽ പി.കെ.കുഞ്ഞാലിക്കുട്ടി മുന്നിലാണ്. പെരിന്തൽമണ്ണയിൽ നജീബ് കാന്തപുരവും നിലമ്പൂരിൽ ആര്യാടൻ ഷൗക്കത്തും വേങ്ങരയിൽ കെ.എം.ഷാജിയും വണ്ടൂരിൽ എ.പി.അനിൽകുമാറും മുന്നിലാണ്. തവനൂരിൽ എൽ.ഡി.എഫിന്റെ കെ.ടി.ജലീൽ പിന്നിലാണ്.

❋✠❋✠❋✠❋✠❋✠❋✠❋✠❋

## കാസർഗോഡ് തിരഞ്ഞെടുപ്പ്

കാസർകോട് 5 മണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പ് നടന്നത്. മഞ്ചേശ്വരത്ത് ബിജെപി സ്ഥാനാർത്ഥി കെ സുരേന്ദ്രൻ 15,000 ത്തോളം വോട്ടുകൾക്ക് പിന്നിലാണ് . മുസ്ലീം ലീഗ് സ്ഥാനാർത്ഥി എ കെ എം അഷറഫാണ് നിലവിൽ ലീഡ് ചെയ്യുന്നത്. തൃക്കരിപ്പൂരിൽ, വി പി പി മുസ്തഫയാണ് മുന്നിൽ. യു.ഡി.എഫിന്റെ സന്ദീപ് വാര്യർ രണ്ടാമത്. കാഞ്ഞങ്ങാട് 14000 ത്തിലധികം വോട്ടുകൾക്ക് എൽഡിഎഫ് മുന്നിലാണ്.

❋✠❋✠❋✠❋✠❋✠❋✠❋✠❋

## 2021 തിരഞ്ഞെടുപ്പ് (ഇൻട്രോ)

കേരള രാഷ്ടീയത്തിൽ 1977 ന് ശേഷം ഭരണത്തുടർച്ച ഉണ്ടായ ആദ്യ തെരഞ്ഞെടുപ്പായിരുന്നു 2021 ലേത്. പാർട്ടിയുടെ തുടർച്ചയ്ക്കൊപ്പം ഭരണ നേതൃത്വത്തിന്റെ തുടർച്ചയ്ക്കും 2021 ലെ തെരഞ്ഞെടുപ്പ് സാക്ഷിയായി.

**വിശദാംശങ്ങളിലേക്ക്.....**

**(വോയ്സ്)**

2021 ൽ LDF 99 സീറ്റുകളും UDF 41 സീറ്റുകളുമാണ് നേടിയത്. LDF 45.43 ഉം UDF 39.47 ഉം NDA 12.41 ഉം എന്നിങ്ങനെയായിരുന്നു വോട്ട് ശതമാനം. മട്ടന്നൂരിൽ കെ കെ ശൈലജ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന

RNI TVPM

റെക്കോർഡ് ഭൂരിപക്ഷം നേടുകയാ യിരുന്നു. 2016 ൽ ബിജെപി നേടിയ നേമത്തെ സീറ്റ് 2021ൽ വി ശിവൻകുട്ടി വീണ്ടെടുത്തു. 2016 ലെ തെരഞ്ഞെടുപ്പിന് ശേഷം കേരള കോൺഗ്രസ് മാണി വിഭാഗവും എം പി വീരേന്ദ്ര കുമാറിന്റെ നേതൃത്വത്തിലുള്ള ജനതാദൾ വിഭാഗവും UDF വിട്ട് LDF ൽ ചേർന്നിരുന്നു.

**ന്യൂസ് ഡസ്ക് ആകാശവാണി**

❅⌘❅⌘❅⌘❅⌘❅⌘❅⌘❅⌘❅

**പശ്ചിമബംഗാൾ - വോട്ടെണ്ണൽ**

കേരളത്തിന് പുറമെ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിലും അസമിലും തമിഴ്നനാട്ടിലും കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയിലും വോട്ടെണ്ണൽ പുരോഗമിക്കുന്നു. പശ്ചിമ ബംഗാളിൽ 294 മണ്ഡലങ്ങളിൽ 293 ഇടങ്ങളിലാണ് വോട്ടെണ്ണൽ നടക്കുന്നത്. ഒടുവിലത്തെ കണക്കുകൾ പ്രകാരം ബി.ജെ.പി 134 സീറ്റിലും തൃണമൂൽ കോൺഗ്രസ് 72 സീറ്റിലും സി.പി.ഐ.എം, AJUP, ബി.ജി.പി.എം എന്നീ പാർട്ടികൾ ഓരോയിടത്തു വീതവും ലീഡ് ചെയ്യുന്നു.

RNUTVPM

❅⌘❅⌘❅⌘❅⌘❅⌘❅⌘❅⌘❅

**തമിഴ്നാട്**

തമിഴ്നാട്ടിൽ 234 സീറ്റുകളിൽ ഒടുവിലത്തെ കണക്ക് പ്രകാരം ഭരണകക്ഷി യായ ഡി.എം.കെ 41 സീറ്റുകളിൽ മുന്നിട്ടു നിൽക്കുന്നു. നടൻ വിജയ് നയിക്കുന്ന തമിഴക വെട്രി കഴകം 108 സീറ്റുകളിലാണ് മുന്നേറുന്നത്. ADMK 63 സീറ്റുകളിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് 5 സീറ്റുകളിലും ബിജെപി 3, സി.പി.ഐ രണ്ടിടത്തും മുന്നിട്ടു നിൽക്കുന്നു.

❅⌘❅⌘❅⌘❅⌘❅⌘❅⌘❅⌘❅

**അസം**

അസമിൽ 126 മണ്ഡലങ്ങൾ ഉള്ളതിൽ 78 ഇടത്ത് ഭരണകക്ഷിയായ ബി.ജെ.പി യും 24 ഇടത്ത് കോൺഗ്രസും 10 ഇടത്ത് ബി.ഒ.പി.എഫും പത്തിടത്ത് എ.ജി.പി യും രണ്ടിടത്ത് എ.ഐ.യു.ഡി.എഫും ലീഡ് ചെയ്യുന്നു.

❁✠❁✠❁✠❁✠❁✠❁✠❁✠❁

## പുതുച്ചേരി

പുതുച്ചേരിയിൽ 30 നിയമസഭാ മണ്ഡലങ്ങളിൽ 9 ഇടത്ത് AINRC യും രണ്ടിടത്ത് ബി.ജെ.പി യും കോൺഗ്രസ് എ.ഡി.എം.കെ, ഡി.എം.കെ എന്നിവർ ഓരോ സീറ്റുകളിൽ വീതവും ലീഡ് ചെയ്യുന്നു. തട്ടൻചാവടി സീറ്റിൽ All India N R Congress സ്ഥാനാർത്ഥി എൻ.രംഗസ്വാമി വിജയിച്ചു.

❁✠❁✠❁✠❁✠❁✠❁✠❁✠❁

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

❁✠❁✠❁✠❁✠❁✠❁✠❁✠❁

## കാലാവസ്ഥ - കേരളം

കേരളത്തിൽ വിവിധയിടങ്ങളിൽ അടുത്ത 5 ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

RNUTVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 793 പോയിന്റ് നേട്ടത്തിൽ 77,705 ലും നിഫ്റ്റി 239 പോയിന്റ് ഉയർന്ന് 24,225ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വിലയിൽ മാറ്റമില്ല. ഗ്രാമിന് 13,835 രൂപയും പവന് ഒരു ലക്ഷത്തി 10,680 രൂപയുമാണ് ഇന്നത്തെ വില.

❁✠❁✠❁✠❁✠❁✠❁✠❁✠❁

❁✠❁✠❁✠❁✠❁✠❁

❁✠❁✠❁✠❁